# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:217      19.03.2015 - ൽ മറുപടിക്ക്

## ജല അതോറിറ്റി അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ.പ്രതാപൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുണ്ടോ; | (എ) എല്ലാ ജില്ലകളിലും ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം തലത്തിലാണ് ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുള്ളത്; | (ബി) ജില്ലാ തലത്തിലാണ് റവന്യൂ അദാലത്തുകൾ നടത്തിയിട്ടുള്ളത്. |
| (സി) അദാലത്തുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) ഉപഭോക്താക്കളുടെ കുടിവെള്ള ചാർജിനെ സംബന്ധിച്ച് ഏറെക്കാലമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന വിവിധ തരം പരാതികൾ പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | അദാലത്തുകളിൽ ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിച്ചിട്ടുള്ളതും അവയ്ക്ക് പരിഹാരം കണ്ടെത്തിയിട്ടുള്ളതും എന്ന് വ്യക്തമാക്കുമോ? | (ഡി) | പൈപ്പ് കണക്ഷനിലെ പ്രത്യക്ഷമല്ലാത്ത ലീക്കുകൾ മൂലമുള്ള അമിത വാട്ടർ ചാർജ്ജ്, വെള്ളം ലഭിക്കാതിരുന്ന സമയത്തുള്ള വാട്ടർ ചാർജ്ജ് ബില്ലുകൾ, മീറ്റർ പ്രവർത്തന രഹിതമായ സമയത്തുള്ള അമിതമായ വാട്ടർ ചാർജ്ജ് ബില്ലുകൾ, കാറ്റഗറി മാറിയ തുക മൂലമുള്ള അമിതമായ കുടിശ്ശിക തുകയുള്ള ബില്ലുകൾ, കണക്ഷൻ വിഛേദിച്ചിട്ടും യഥാസമയം ഡിസ്കണക്ഷൻ ഫീസ് അടയ്ക്കാത്തതിനാൽ, കുടിശ്ശിക നിലനിന്നതി നാലുണ്ടായ ബില്ലുകൾ, സുനാമി മുതലായ പ്രകൃതി ക്ഷോഭങ്ങൾ മൂലമോ, റോഡുവികസനത്തിന്റെ ഭാഗമായോ, ലൈൻ നഷ്ടപ്പെട്ടിട്ടും ഡിസ്കണക്ഷൻ ഫീസ് അടയ്ക്കാത്തതിനാൽ കുടിശ്ശിക നിലനിൽ ക്കുന്നവ എന്നിങ്ങനെയുള്ള വിഷയങ്ങളാണ് അദാലത്തിന് മുമ്പാകെ ഉപഭോക്താക്കൾ അവതരിപ്പിച്ചത്.<br><br>ഗാർഹികേതര കണക്ഷനിലെ ദീർഘകാല കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയിളവ് അനുവദിച്ചു.<br><br>ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ മീറ്റർ വായുവിന്റെ സമ്മർദ്ദം മൂലം കറങ്ങിയത് സ്ഥലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇളവ് നൽകിയിട്ടുണ്ട്.<br><br>ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താ ക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കി.<br><br>50 കി.ലിറ്ററിന് മുകളിലുള്ള ജലചോർച്ചമൂലമുള്ള ഉയർന്ന നിരക്കിന് ഇളവ് അനുവദിച്ചു.<br><br>മറ്റു പരാതികളും ഉപഭോക്താക്കളുമായുള്ള ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ